# പതിമൂന്നാം കേരള നിയമസഭ

## ഒമ്പതാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത** **26/06/2013-ൽ മറുപടിയ്ക്ക്**

**ചോദ്യം നമ്പർ. 4111**

## ഏറനാട് മണ്ഡലത്തിൽ ജലവിഭവ വകുപ്പിന്റെ പദ്ധതികൾ

**ചോദ്യം**

**ശ്രീ. പി. കെ. ബഷീർ**

**മറുപടി**

**ശ്രീ. പി.ജെ. ജോസഫ്**
**(ജലവിഭവ വകുപ്പ് മന്ത്രി)**

എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഏറനാട് മണ്ഡലത്തിൽ ഏതെല്ലാം പദ്ധതികൾക്കാണ് ജലവിഭവ വകുപ്പ് ഭരണാനുമതി നൽകിയിട്ടുള്ളത്;

എ) **ഡയറക്ടർ, ഭൂജല വകുപ്പ്, തിരുവനന്തപുരം**

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഏറനാട് മണ്ഡലത്തിലെ കുഴിമണ്ണ, ഊർങ്ങാട്ടരി എന്നീ പഞ്ചായത്തുകളിൽ 7 കുടിവെള്ള പദ്ധതികൾക്ക് ഭൂജല വകുപ്പ് ഭരണാനുമതി നൽകിയിട്ടുണ്ട്.

**മാനേജിംഗ് ഡയറക്ടർ, കേരളാ വാട്ടർ അതോറിറ്റി, തിരുവനന്തപുരം**

ഈ സർക്കാർ അധികാരമേറ്റ ശേഷം ഏറനാട് മണ്ഡലത്തിൽപ്പെട്ട എടവണ്ണ പഞ്ചായത്തിലെ കൊടിഞ്ഞാറുപൊയിൽ പട്ടികജാതി കോളനി കുടിവെള്ള പദ്ധതിക്കും ചാലിയാർ പഞ്ചായത്തിലെ പനമ്പൊയിൽ ആനപ്പാറ പട്ടികജാതി കോളനി കുടിവെള്ള പദ്ധതികൾക്കും 27-05-2013-ന് ഭരണാനുമതി നൽകിയിട്ടുണ്ട്.

**ചീഫ് എഞ്ചിനീയർ, ജലസേചനവും ഭരണവും, തിരുവനന്തപുരം (ഉത്തരം 'ബി' സഹിതം)**

മേജർ ഇറിഗേഷനു കീഴിൽ ഭരണാനുമതി നൽകിയത്

| നം | പദ്ധതികളുടെ പേര് | റിമാർക്സ് |
|---|---|---|
| 1 | ചാലിയാർ പഞ്ചായത്തിലെ കുളത്തിൽ കടവിൽ ചാലിയാർ പുഴയുടെ വലതു കര സംരക്ഷണം | പൂർത്തീകരിച്ചു |
| 2 | ഊർങ്ങാട്ടിരി പഞ്ചായത്തിലെ വെറ്റിലപാറ വില്ലേജിൽ കിഴ്പ്രംതലക്കലിൽ | പൂർത്തീകരിച്ചു |

| | | |
|---|---|---|
| | ചെറുപുഴയുടെ ഇടതു വലതു കര സംരക്ഷണം. | |
| 3 | കീഴുപറമ്പ് പഞ്ചായത്തിലെ വാർഡ് നമ്പർ-1 മണ്ണാത്തി കടവിൽ ചാലിയാർ പുഴയുടെ വലതു കര സംരക്ഷണം. | പൂർത്തീകരിച്ചു |
| 4 | കീഴുപറമ്പ് പഞ്ചായത്തിലെ പത്തനാപുരത്തെ സർവ്വേ നമ്പർ 376/03, 282/01 ചെറുപുഴയുടെ വലതുകര സംരക്ഷണം. | പൂർത്തീകരിച്ചു |
| 5 | ചാലിയാർ പഞ്ചായത്തിലെ മൈലാടിയിൽ ചാലിയാർപുഴയുടെ വലതുകര സംരക്ഷണം. | പൂർത്തീകരിച്ചു |
| 6 | എടവണ്ണ പഞ്ചായത്തിലെ ചെറുമണ്ണയിൽ ചാലിയാർപുഴയുടെ ഇടതുകര സംരക്ഷണം. | ടെൻഡർ നടപടികൾ പൂർത്തിയായി. മഴക്കാലത്തിനു ശേഷം പ്രവർത്തി ആരംഭിക്കുന്നതാണ്. |
| മൈനർ ഇറിഗേഷന്റെ കീഴിൽ ഭരണാനുമതി നൽകിയവ. | | |
| 1 | വെള്ളപ്പൊക്ക കെടുതികൾ - ചാലിയാർ പഞ്ചായത്തിലെ ചെംപിതോട് മുക്കിൽ ചെംപിതോടിന് പാർശ്വ സംരക്ഷണം. | പൂർത്തീകരിച്ചു |
| 2 | വെള്ളപ്പൊക്ക കെടുതികൾ- എടവണ്ണ പഞ്ചായത്തിലെ കമ്പനിതോട് വി.സി.ബി-യുടെ മുകൾഭാഗത്തും താഴ്ഭാഗത്തും പാർശ്വ സംരക്ഷണം. | പൂർത്തീകരിച്ചു |
| 3 | പദ്ധതി പരിപാലനം - എടവണ്ണ പഞ്ചായത്തിലെ മുതുപാറ വി.സി.ബി.കം ബ്രിഡ്ജിന് അപ്രോച്ച് റോഡ്. | പൂർത്തീകരിച്ചു |
| 4 | മലബാർ ഇറിഗേഷൻ പാക്കേജ് - എടവണ്ണ പഞ്ചായത്തിലെ മുണ്ടേങ്ങര എൽ.ഐ സ്കീമിൽ | പൂർത്തീകരിച്ചു |

| | | |
|---|---|---|
| | പ്രധാന കനാൽ ചെയിനേജ് 1500 മുതൽ 1700 വരെയുള്ള പുരോഗമന പ്രവർത്തി. | |
| 5 | വെള്ളപ്പൊക്ക കെടുതി- ചാലിയാർ പഞ്ചായത്തിലെ മൈലാഡിയിൽ റിവോറതോടിന് പാർശ്വ സംരക്ഷണം രണ്ടാംഘട്ടം. | ഭരണാനുമതി നൽകി, നടപ്പിലാക്കാനുള്ളവ. |
| 6 | പി.എം.ഐ. ഊർങ്ങാട്ടിരി പഞ്ചായത്തിലെ തേനരുവിക്ക് കുറുകെ തേനരുവിയിൽ വി.സി.ബി.നിർമ്മാണം. | ഭരണാനുമതി നൽകി, നടപ്പിലാക്കാനുള്ളവ. |
| 7 | ആർ.ആർ.ആർ. കാവനൂർ പഞ്ചായത്തിൽ പാറോഡിക്കുളം അഭിവൃദ്ധിപ്പെടുത്തൽ. | ഭരണാനുമതി നൽകി, നടപ്പിലാക്കാനുള്ളവ. |
| 8 | ആർ.ആർ.ആർ. ചാലിയാർ പഞ്ചായത്തിൽ മൈലാഡി കോളനിക്കുളം അഭിവൃദ്ധിപ്പെടുത്തൽ. | ഭരണാനുമതി നൽകി, നടപ്പിലാക്കാനുള്ളവ. |
| 9 | പദ്ധതി പരിപാലനം - ഊർങ്ങാട്ടിരി പഞ്ചായത്തിലെ തോട്ടുമുക്കത്ത് പന്നിതോടിന് പാർശ്വ സംരക്ഷണം. | പുരോഗതിയിലാണ്. |
| 10 | ആർ.ആർ.ആർ. അരീക്കോട് പഞ്ചായത്തിലെ ചമ്രക്കാട്ടുരിൽ മങ്ങാട്ടുകുളം അഭിവൃദ്ധിപ്പെടുത്തൽ. | പുരോഗതിയിലാണ്. |
| 11 | വെള്ളപ്പൊക്ക കെടുതികൾ- അരീക്കോട് പഞ്ചായത്തിലെ സ്റ്റേഡിയത്തിനടുത്തുള്ള അലോട്ടിപ്പാറതോടിന് പാർശ്വ സംരക്ഷണം. | പുരോഗതിയിലാണ്. |
| 12 | വെള്ളപ്പൊക്ക കെടുതികൾ- ചാലിയാർ പഞ്ചായത്തിലെ മൈലാഡിയിൽ റിവോറതോടിന് പാർശ്വ സംരക്ഷണം. | പുരോഗതിയിലാണ്. |
| 13 | പദ്ധതി പരിപാലനം - കീഴുപറമ്പ് പഞ്ചായത്തിലെ കൊത്തുപാറ | പുരോഗതിയിലാണ്. |

| | | |
|---|---|---|
| | എൽ.ഐ.സ്കീമിൽ വലതുകര കനാൽ ചെയിനേജ് 220 മുതൽ 276 വരെ റീ അലൈൻമെന്റ് ചെയ്യൽ. | |
| 14 | പി.എം.ഐ - ഊർങ്ങാട്ടിരി പഞ്ചായത്തിലെ ചെറുപുഴയ്ക്ക് കുറുകെ വിട്ടിലപ്പാറ വിളക്ക് പറമ്പ് ചെക്ക് ഡാം നിർമ്മാണം. | പുരോഗതിയിലാണ്. |

ബി) പ്രസ്തുത പദ്ധതികൾ പൂർത്തീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ പ്രവർത്തന പുരോഗതി ലഭ്യമാക്കുമോ;

ബി) <u>മാനേജിംഗ് ഡയറക്ടർ, കേരളാ വാട്ടർ അതോറിറ്റി, തിരുവനന്തപുരം</u>

ഇല്ല.

പദ്ധതിയുടെ ഘടകങ്ങൾ നടപ്പിലാക്കുവാനുള്ള ടെൻഡർ നടപടികൾ ആവിഷ്കരിച്ചിട്ടുണ്ട്.

സി) നടപ്പു സാമ്പത്തിക വർഷം ഏതെല്ലാം പദ്ധതികളാണ് ഏറനാട് മണ്ഡലത്തിൽ നടപ്പിലാക്കാൻ തെരഞ്ഞെടുത്തിട്ടുള്ളത്; വിശദാംശം ലഭ്യമാക്കുമോ?

സി) <u>മാനേജിംഗ് ഡയറക്ടർ, കേരളാ വാട്ടർ അതോറിറ്റി, തിരുവനന്തപുരം</u>

കാവനൂർ പഞ്ചായത്ത് കുടിവെള്ള പദ്ധതിയ്ക്ക് 19 കോടിയുടെ എസ്റ്റിമേറ്റ് 2013-ലെ എസ്.എൽ. എസ്.എസ്. സി-യിൽ സമർപ്പിച്ചിരുന്നെങ്കിലും അതിൽ 7 കോടിയാണ് കമ്മിറ്റി അംഗീകരിച്ചത്. കൂടാതെ ചീക്കോട്, മുതുവല്ലൂർ, കുഴിമണ്ണാ, പുളിക്കൽ, വാഴയൂർ, വാഴക്കാട്, ചെറുകാവ് എന്നീ വില്ലേജുകൾക്ക് വിതരണ ശൃംഖല സ്ഥാപിക്കുന്നതിന് 3454 ലക്ഷം രൂപയുടെ പ്രൊപ്പോസൽ 16.05.2013-ൽ നടന്ന എസ്.എൽ. എസ്.എസ്.സി-യിൽ സമർപ്പിച്ചിരുന്നു. എന്നാൽ 2200 ലക്ഷം രൂപയാണ് കമ്മിറ്റി അംഗീകാരം നൽകിയത്. പ്രസ്തുത പദ്ധതികളുടെ ഭരണാനുമതിയ്ക്കായുള്ള മുൻകൂർ അനുമതിയ്ക്ക് 17/06/2013-ൽ സർക്കാരിൽ സമർപ്പിച്ചിട്ടുണ്ട്.

<u>ചീഫ് എഞ്ചിനീയർ, ജലസേചനവും ഭരണവും, തിരുവനന്തപുരം</u>

2013-14 സാമ്പത്തിക വർഷത്തിൽ ഏറനാട് മണ്ഡലത്തിൽ ഇതുവരെ ഒരു പ്രവർത്തിക്കും ഭരണാനുമതി നൽകിയിട്ടില്ല.

സെക്ഷൻ ഓഫീസർ